## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1337** — **06.03.2020 ൽ മറുപടിയ്ക്ക്**

### കവുങ്ങ് കൃഷിയെ ദോഷകരമായി ബാധിക്കുന്ന ഘടകങ്ങൾ

| ചോദ്യം<br>ശ്രീ.യു. ആർ. പ്രദീപ് | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) സംസ്ഥാനത്തെ പ്രധാന തോട്ടവിളയായിരുന്ന കവുങ്ങ് കൃഷിയുടെ വിസ്തൃതിയും അതോടൊപ്പം ഉല്പാദനവും കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) കവുങ്ങ് കൃഷി പ്രധാനമായും നടക്കുന്ന കാസർകോഡ് ജില്ലയിൽ കവുങ്ങ് കൃഷിയുടെ വിസ്തൃതി കുറഞ്ഞിട്ടില്ല. എന്നാൽ ഉത്പാദനം കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) കവുങ്ങ് കൃഷിയെ ദോഷകരമായി ബാധിക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണെന്നാണ് കൃഷിവകുപ്പ് കണ്ടെത്തിയിട്ടുള്ളത്; | ബി) കാലാവസ്ഥ വ്യതിയാനവും രോഗകീടബാധയും ആണ് കവുങ്ങ് കൃഷിയെ ദോഷകരമായി ബാധിക്കുന്ന ഘടകങ്ങൾ. |
| സി) കവുങ്ങ് കൃഷി സംരക്ഷണത്തിനും ഉല്പാദന പരിപാലനത്തിനും ഉല്പാദന വർദ്ധനവിനുമായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;<br><br>ഡി) കവുങ്ങു കൃഷിയുടെ ചെലവ് കുറയ്ക്കുന്നതിനും മെച്ചപ്പെട്ട കൃഷിരീതികൾ അവലംബിക്കുന്നതിനും എന്തെല്ലാം സഹായങ്ങളാണ് കൃഷിവകുപ്പ് കർഷകർക്ക് നൽകി വരുന്നത്; വിശദാംശം വ്യക്തമാക്കുമോ? | സി) & ഡി) കവുങ്ങ് കൃഷി നടക്കുന്ന കാസറഗോഡ് ജില്ലയിൽ 2019-20 വർഷത്തിൽ രോഗം ബാധിച്ച 45000 കവുങ്ങുകൾ മുറിച്ച് മാറ്റുകയും ഉല്പാദനക്ഷമത കൂടിയ 2 ലക്ഷം കവുങ്ങിൻ തൈകൾ നടുകയും ചെയ്യുന്ന ആദ്യഘട്ട നടപടിയോട് കൂടി കവുങ്ങ് കൃഷി പാക്കേജ് നടപ്പിലാക്കി വരുന്നു.<br>കാസറഗോഡ് ജില്ലയിലെ വിവിധ കൃഷിഭവനുകളിൽ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി കവുങ്ങിന്റെ രോഗകീടബാധക്കെതിരെ മരുന്ന് തളിക്കുന്നതിനും ജൈവവളത്തിനും ആനുകൂല്യം നല്കി വരുന്നു. നടപ്പ സാമ്പത്തിക വർഷം അടയ്ക്കാ പാക്കേജ് എന്ന പദ്ധതിയ്ക്ക് 200 ലക്ഷം രൂപ 27/09/2019- ലെ സ.ഉ (സാധാ)887/2019/കൃഷി നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ